(ഡി) ഇതു ഭേദഗതി ചെയ്യുന്നതിനു മുൻപായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിരുന്നുവോ;

(ഇ) കേരള പോലീസ് സർവീസിലെ ഈ റൂൾ ജി. ഒ. (എം. എസ്) നം. 249/2003/ഹോം തീയതി 26-1-2003 എന്ന എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം മുൻകാല പ്രാബല്യത്തോടെ റദ്ദ് ചെയ്തത് ബഹു. സുപ്രീംകോടതി വിധിക്കും സംസ്ഥാന നിയമവകുപ്പിന്റെ അഭിപ്രായത്തിനും എതിരാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ വിഷയം സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഇപ്പോൾ എത്ര കേസ്സുകൾ നിലവിലുണ്ട്;

(ജി) ജി. ഒ. (എം. എസ്.) നം. 249/2003/ഹോം തീയതി 26-11-2003 എന്ന ഉത്തരവ് പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ മുതൽ ജി വരെ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സേനാംഗങ്ങളുടെ സ്ഥലംമാറ്റം

50 [1524] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനാംഗങ്ങളുടെ സ്ഥലംമാറ്റം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ;

(ബി) ഇവർ മാതൃജില്ലയിലും ഭാര്യാഗൃഹം സ്ഥിതിചെയ്യുന്ന ജില്ലയിലും ജോലി ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ നിലവിലുണ്ടോ;

(സി) എങ്കിൽ ഇതുപ്രകാരം ഏതെല്ലാം റവന്യൂ ജില്ലകളിലും സിറ്റിറൂറൽ ജില്ലകളിലുമാണ് പോലീസ് സേനാംഗങ്ങൾ ജില്ലമാറി ജോലിചെയ്തുവരുന്നത് എന്നും അറിയിക്കാമോ;

(ഡി) അവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജോലി കഴിഞ്ഞ് വീട്ടിൽ മടങ്ങിയെത്താൻ പറ്റാത്തതുമൂലവും താമസം, കുട്ടികളുടെ പഠനം മുതലായവയ്ക്ക് ബുദ്ധിമുട്ടുനേരിടുന്നതിനാലും പോലീസ് സേനാംഗങ്ങൾ അസംതൃപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അശാസ്ത്രീയമായ ഇത്തരം സ്ഥലംമാറ്റ വ്യവസ്ഥകൾ പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ മുതൽ എഫ് വരെ) വിവരം ശേഖരിച്ചുവരുന്നു.

മത തീവ്രവാദി സംഘടനകൾ

51 [1525] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത തീവ്രവാദി സംഘടനകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തുണ്ടായിട്ടുള്ള വർഗ്ഗീയ സംഘർഷങ്ങളിൽ ഇവയിൽ ഏതെല്ലാം സംഘടനകൾ പങ്കാളികളായിട്ടുണ്ട്;

(സി) ഇതിൽ ഏതെല്ലാം സംഘടനകൾക്ക് വിദേശ സഹായം ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംഘടനകളെ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മത തീവ്രവാദി സംഘടനകളുടെ പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു. ഇക്കാര്യത്തിനായി സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിൽ ഡി വൈ. എസ്. പി.-മാരുടെ ചുമതലയിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരം ലഭ്യമായിട്ടില്ല.

(ബി) അത്തരം വിവരം ലഭിച്ചിട്ടില്ല.

(സി) ചില മത മൗലിക തീവ്രവാദി സംഘടനകൾക്ക് വിദേശത്തു നിന്നും സംസ്ഥാനത്തിനു പുറത്തുനിന്നും ധനസഹായം ലഭിക്കുന്നതായി സൂചനകൾ ഉണ്ടെങ്കിലും ആ പണം അനാശാസ്യ/ഭീകര പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതായി വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly